11. സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്ക് 9.47 കോടി രൂപ അനുവദിച്ചു.

12. സ്പെഷ്യൽ ഡെപ്പോസിറ്റ് സ്കീം പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ ട്രഷറിയിൽ നിക്ഷേപിച്ച തുകയ്ക്ക് തുല്യമായ തുക സർക്കാർ ഓഹരിയായി അനുവദിക്കുന്ന പദ്ധതി പ്രകാരം 106 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്ക് മൂലധനപര്യാപ്തത കൈവരിക്കുന്നതിന് നൽകുകയുണ്ടായി.

13. ഐ.സി.ഡി.പി. പദ്ധതി പ്രകാരം വയനാട് ജില്ലയിൽ രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കി.

**ജില്ലാ സഹകരണ ബാങ്ക് ശാഖകളിലെ ബ്രാഞ്ച് മാനേജർ തസ്തിക**

106 (451) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകളുടെ വിവരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ ജില്ലയിലും പ്രസ്തുത തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണവും അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും വെളിപ്പെടുത്താമോ ;

(സി) സഹകരണ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്ന തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകി നിയമനം നടത്തരുത് എന്ന ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളിലെ ബ്രാഞ്ച് മാനേജർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സഹകരണ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്ന തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകി നിയമനം നടത്തരുത് എന്ന ഉത്തരവ് പാലിക്കപ്പെടുന്നുണ്ട്. എന്നാൽ ചില ബാങ്കുകളിൽ പി.എസ്.സി. നിയമനം താമസിക്കുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനായി താൽക്കാലികമായി ബ്രാഞ്ച് മാനേജർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly